കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 1 | സെപ്റ്റംബർ 30 2023

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 പോഷക സമൃദ്ധി മിഷൻ: കൃഷിയിലൂടെ ആരോഗ്യ സംരക്ഷണത്തിന് പ്രത്യേക പദ്ധതി

3 കേരള കാർഷിക സർവ്വകലാശാല ദ്വിദിന ശില്പശാല സംഘടിപ്പിച്ചു


4 സങ്കുചിതമായ രാഷ്ട്രീയ കാഴ്ചപ്പാടിൽ കാർഷിക മേഖലയുടെ വളർച്ചയെ കാണാതെ പോകരുത്; കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ്

## 'മക്കളുവളർത്തി'യുടെ അമ്മ ദേശീയാംഗീകാരം ഏറ്റുവാങ്ങി




തിരുവനന്തപുരം ജില്ലയിലെ വിതുര മണിതൂക്കി ഗിരിവർഗ കോളനിയിലെ ശ്രീമതി. പരപ്പി അമ്മ ഇന്ത്യ ഗവൺമെൻറിൻറെ പ്രൊട്ടക്ഷൻ ഓഫ് പ്ലാൻറ് വെറൈറ്റീസ് ആൻഡ് ഫാർമേഴ്സ് റൈറ്റ്സ് അതോറ്റി ഏർപ്പെടുത്തിയ പ്ലാന്റ് ജീനോം സേവിയർ ഫാർമേഴ്സ് റെക്കഗ്നിഷൻ അവാർഡ് ഏറ്റുവാങ്ങി. 'മക്കളുവളർത്തി' എന്ന അപൂർവ ഇനം പൈനാപ്പിൾ, 30 വർഷമായി സംരക്ഷിച്ച വളർത്തിയതിനാണ് അവാർഡ്. 1.50 ലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അംഗീകാരം. ചൊവ്വാഴ്ച ന്യൂ ഡൽഹിയിൽ വച്ച് നടന്ന ചടങ്ങിൽ പരപ്പി അംഗീകാരം രാഷ്ട്രപതി ശ്രീമതി ദ്രൗപതി മുർമുവിൽ നിന്നും ഏറ്റുവാങ്ങി.

സഹോദരഭാര്യ സമ്മാനമായി നൽകിയ പൈനാപ്പിൾ തൈയാണ് പരമ്പരാഗത കർഷകയായ പരപ്പി ഇത്രയും നാൾ സംരക്ഷിച്ച വളർത്തിയത്. സാധാരണ പൈനാപ്പിളുകളിൽ നിന്നും വ്യത്യസ്തമായി മക്കൾ വളർത്തി എന്നറിയപ്പെടുന്ന ഈ പൈനാപ്പിളിന്, ചുവടുഭാഗത്ത് വൃത്താകാരത്തിൽ അടുക്കി വച്ചിരിക്കുന്ന 4 ഓ 5 ഓ ചക്കകളുണ്ടാകും. അതിനു മുകളിലാ




ചീഫ് എഡിറ്റർ - ആശ എസ്. കുമാർ
എഡിറ്റർ - ഡോ. ബിന്ദു ഹാരിയറ്റ് ഐവാൻ
അസോസിയേറ്റ് എഡിറ്റർ - പ്രശാന്ത് ജി.എസ്.
അസിസ്റ്റൻറ് എഡിറ്റർ - മുഹമ്മദ് റിയാസ്

യി നീണ്ടുകൂർത്ത അഗ്രവുമായി അമ്മ ചക്കയുമുണ്ടാകും. തലയിൽ കുമ്പിനു പകരം കുന്തം പോലെ തള്ളി നിൽക്കുന്ന അറ്റമുള്ളതുകൊണ്ട് കുന്താണി എന്ന വിളിപ്പേരുമുണ്ടായി.

കായ്കൾക്ക് മിനുസമുള്ള തൊലിയാണ്. പഴുത്ത കായ്കൾക്ക് നല്ല മധുരവുമുണ്ട്. കായ്കൾ മുറിക്കുമ്പോഴുള്ള നറുംസുഗന്ധമാണ് ഈ പൈനാപ്പിളിൻറെ മറ്റൊരു പ്രത്യേകത. മറ്റു വിളകളോടൊപ്പം ഓരോ സീസണിലും പൈനാപ്പിൾ തൈകൾ കൃത്യമായി പിരിച്ചുനട്ട് ഈ ഇനത്തിനെ സംരക്ഷിക്കുവാൻ പരപ്പി ഏറെ ശ്രദ്ധ നൽകിയിരുന്നു. ആവശ്യക്കാർക്ക് തൈകളും നൽകി.

ബഹു. കൃഷിമന്ത്രി ശ്രീ. പി. പ്രസാദിന്റെ പ്രത്യേക നിർദ്ദേശത്തെത്തുടർന്ന് ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസ്, ഡിവിഷനൽ ഫോറസ്റ്റ് ഓഫീസർ എന്നിവരുടെ നേതൃത്വത്തിലാണ് അപേക്ഷ സമർപ്പിച്ചത്. ബഹു. കൃഷിമന്ത്രി ഔദ്യോഗിക വസതിയിലേക്ക് താമസം മാറുന്ന ദിവസം ശ്രീമതി. പരപ്പിയും കുടുംബവും കൃഷിമന്ത്രിക്ക് സമ്മാനിച്ച പ്രത്യേക ഇനം പൈനാപ്പിൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് ദേശീയ അവാർഡിന് അപേക്ഷിക്കുന്നതിനായി നടപടി സ്വീകരിക്കാൻ ബഹു. മന്ത്രി നിർദ്ദേശിച്ചത്.

കൂടുതൽ വിവരങ്ങൾക്ക് വനം വകുപ്പിൽ ഫോറസ്റ്ററായ മകൻ ഗംഗാധരൻ കാണിയുമായി ബന്ധപ്പെടാം. ഫോൺ: 8547602981, 9497426352.

# പോഷക സമൃദ്ധി മിഷൻ: കൃഷിയിലൂടെ ആരോഗ്യ സംരക്ഷണത്തിന് പ്രത്യേക പദ്ധതി

കാർഷിക പാരിസ്ഥിതിക പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ പോഷക പ്രാധാന്യമുള്ള വിളകൾ ഉത്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 'പോഷകസമൃദ്ധി മിഷൻ' കൃഷി വകുപ്പ് രൂപീകരിച്ചു. ഉൽപാദനം, വിപണനം, മൂല്യവർദ്ധനവ്, പോഷക സമൃദ്ധമായ സുരക്ഷിത ഭക്ഷണം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും ലക്ഷ്യമിട്ടുകൊണ്ടാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. രൂപീകരണം സംബന്ധിച്ച ഉത്തരവ് പുറത്തിറങ്ങി.

നടപ്പ് സാമ്പത്തിക വർഷം ആരംഭിച്ച് 2026-27ൽ ലക്ഷ്യത്തിലെത്തുന്ന തരത്തിൽ പ്രത്യേക ക്യാമ്പയിൻ മാതൃകയിലാണ് പദ്ധതി നടപ്പാക്കുന്നത്. മുൻകൂട്ടി ആസൂത്രണം ചെയ്ത പദ്ധതികളിലൂടെ കാർഷിക, ആരോഗ്യ, സാമൂഹിക മേഖലകളിൽ പുരോഗതി നേടുന്നതിനും, വിവിധ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഇതുവഴി സാധ്യമാകും. വിവിധ വിളകളുടെ ഉത്പാദനത്തെ അടിസ്ഥാനപ്പെടുത്തി മൂന്ന് ഘട്ടങ്ങളിലായി വിഭജിച്ചുകൊണ്ട് ഓരോ ഘട്ടത്തിലും ആവശ്യമായ സമഗ്ര ഇടപെടലുകൾ നടത്തുക, കാർഷിക മേഖലയെ ആധാരമാക്കി പ്രാദേശിക സാമ്പത്തിക വികസനം ആസൂത്രണം ചെയ്ത കർഷകരുടെ വരുമാനം ഉയർത്തുക, കാർഷിക പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കിയുള്ള കാർഷിക ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കി ദേശീയതലത്തിലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ ന്യൂട്രീഷൻ പ്ലേറ്റ് തയ്യാറാക്കുക തുടങ്ങിയവ ഈ പദ്ധതിയുടെ സവിശേഷതകളാണ്. കൃഷി, ആരോഗ്യം, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, സഹകരണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് നടപ്പാക്കുന്ന ഈ പദ്ധതി നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ 25 ലക്ഷം കുടുംബങ്ങളെയും 2026-27 സാമ്പത്തിക വർഷത്തോടെ സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളെയും മിഷന്റെ ഭാഗമാക്കുവാൻ ലക്ഷ്യം വക്കുന്നു.

പച്ചക്കറി, പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ അവശ്യ അളവിലുള്ള ഉപയോഗത്തിലൂടെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക, പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, പോഷക പ്രാധാന്യമുള്ള ചെറുധാന്യങ്ങൾ ഉൾപ്പെടെയുള്ള വിളകളുടെ ഉത്പാദനവും ഉപയോഗവും വ്യാപകമാക്കുക, പയർ വർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉത്പാദനം ആരോഗ്യ സൂചികയ്ക്ക് അനുസൃതമായി വർദ്ധിപ്പിക്കുക, കൂൺ കൃഷിയും കൂൺ അടിസ്ഥാനമാക്കിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക, ഉത്തമ കൃഷി രീതികളിലൂടെയും ജൈവകൃഷി രീതികളിലൂടെയും സുരക്ഷിതവും ഗുണമേന്മയുള്ളതുമായ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക, പോഷക ഭക്ഷണങ്ങൾക്ക് പ്രാമുഖ്യം നൽകി ജീവിതശൈലി രോഗങ്ങളിൽ നിന്നും വിമുക്തി നേടുവാൻ ജനങ്ങളെ പ്രേരിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. സംസ്ഥാന പദ്ധതികളും കേന്ദ്ര ആവിഷ്കൃത പദ്ധതികളും ഫലപ്രദമായി കൂട്ടിയോജിപ്പിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി ഹൈദരാബാദ് ആസ്ഥാനമായ ഐസിഎആർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി കൃഷിവകുപ്പ് ധാരണ പത്രം ഒപ്പു വയ്ക്കും. കൃഷി സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ സംസ്ഥാനതല നോഡൽ ഓഫീസറും കൃഷി ഡയറക്ടർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് നോഡൽ ഓഫീസറും ആയിട്ടാണ് പദ്ധതി നടപ്പാക്കുന്നത്.

# പോഷക സമൃദ്ധ സുരക്ഷിത ഭക്ഷണമൊരുക്കാൻ കൃഷി വകുപ്പ്

## കേരള അഗ്രോ ബിസിനസ് കമ്പനിയുടെ ഉദ്ഘാടനം കൃഷിമന്ത്രി പി. പ്രസാദ് നിർവഹിച്ചു




പൊതുജനത്തിന് സ്വയം പര്യാപ്തമായ സുരക്ഷിത പോഷണ ഭക്ഷണം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പോഷക സമൃദ്ധി മിഷന് തുടക്കം കുറിച്ചു. തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന സംസ്ഥാന കർഷക ദിനാഘോഷ വേളയിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് പോഷക സമൃദ്ധി മിഷന്റെ ഉദ്ഘാടനം നിർവഹിച്ചു.

ആവശ്യമായ പോഷക ഗുണങ്ങളുള്ള ഭക്ഷണമല്ല നിലവിൽ ആഹാരമായി മലയാളികൾ കഴിക്കുന്നതെന്ന് നിരവധി പഠന റിപ്പോർട്ടുകൾ തെളിയിക്കുന്നു. പോഷക സമൃദ്ധമായ ഭക്ഷണം ഈ ജനതയ്ക്ക് എത്തിക്കേണ്ടതിന്റെ ചുമതല ഓരോ കുടുംബവും ഏറ്റെടുക്കേണ്ടതുണ്ട്. 28.5 ലക്ഷം ടൺ പച്ചക്കറി ഉത്പാദിപ്പിച്ച് ഉപയോഗിക്കുക എന്നതാണ് ദേശീയ ശരാശരിയിൽ സ്വയം പര്യാപ്തതയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. അതിനാൽ തന്നെ സംസ്ഥാനത്തെ പരമാവധി കുടുംബങ്ങളെ പച്ചക്കറി കൃഷി ചെയ്യിക്കുന്നതിനും പോഷകസമൃദ്ധമായ ഭക്ഷണം ഉത്പാദിപ്പിക്കുന്നതിനും മിഷനിലൂടെ ലക്ഷ്യമിടുന്നു. 2026 -ഓടെ എല്ലാ കുടുംബങ്ങളെയും മിഷന്റെ ഭാഗമാക്കുമെന്നും മന്ത്രി പറഞ്ഞു.

ഇതിന്റെ ഭാഗമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റുമായി ധാരണാപത്രം ഒപ്പിടും, നെൽവയലുകളിൽ മൂന്നാം വിളയായി പയർ കൃഷി പ്രോത്സാഹിപ്പിക്കും, ഹരിത പോഷക ഗ്രാമങ്ങൾ സൃഷ്ടിക്കും, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷനുമായി കൈകോർത്ത് ന്യൂട്രീഷൻ പ്ലേറ്റ് തയ്യാറാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

വിവിധ കാർഷിക ഉത്പന്നങ്ങളുടെ സംരംഭത്തിനും സംസ്കരണത്തിനും മൂല്യ വർദ്ധന ദേശീയ അന്തർദേശീയ വിപണത്തിനുമായി രൂപീകൃതമാകുന്ന കാബ്കോയുടെ ഉദ്ഘാടനം കൃഷിമന്ത്രി നിർവഹിച്ചു. കാർഷിക ഉത്പന്നങ്ങൾക്ക് പരമാവധി വിപണി കണ്ടെത്തി കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കും. സർക്കാരിന്റെയും പൊതു വിപണിയുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും ഓഹരി വിഹിതങ്ങൾക്കൊപ്പം കർഷകരുടെയും കൂടെ പങ്കാളിത്തമുള്ള ഒരു കമ്പനി ആയിരിക്കും കാബ്കോ. കാബ്കോയുടെ ഓഹരിവിഹിതം എടുക്കുവാൻ നബാർഡ് തയ്യാറായതായി കൃഷിമന്ത്രി അറിയിച്ചു.

കർഷകർക്ക് മികച്ച വരുമാനം കണ്ടെത്തുന്നതിനുള്ള നിരവധി പ്രവർത്തനങ്ങളോടൊപ്പം കർഷകരുടെ പങ്കാളിത്തത്തോടെയുള്ള നിരവധി വികസന പ്രവർത്തനങ്ങൾ കൃഷിവകുപ്പ് നടത്തി വരുന്നുവെന്ന് മന്ത്രി പറഞ്ഞു. കൃഷിയിടങ്ങളിൽ നിന്നും പദ്ധതി ആസൂത്രണത്തിന് തുടക്കം കുറിക്കുന്ന കൃഷിയിടാതിഷ്ഠത പദ്ധതി, ഉൽപാദന മൂല്യ വർദ്ധന സേവനമേഖലയിൽ 23,000 ത്തോളം കൃഷിക്കൂട്ടങ്ങൾ, കർഷകർക്ക് സേവനങ്ങൾ സ്മാർട്ട് ആയി നൽകുന്നതിന് സ്മാർട്ട് കൃഷിഭവനുകൾ, കേരളത്തിലെ എല്ലായിടത്തും യന്ത്രവൽകൃത തൊഴിൽ സേന തുടങ്ങിയ പ്രവർത്തനങ്ങൾ നവീന കാർഷികമേഖലയ്ക്ക് മുതൽക്കൂട്ടാകുന്നുവെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

കൃഷി എന്ന പ്രവർത്തനം ആഴത്തിൽ വേരൂന്നിയ ഒരു ജീവിതരീതിയും സംസ്കാരവുമാണ്. മണ്ണിൽ നിന്നും ഭക്ഷണം ഉല്പാദിപ്പിക്കുന്നതിനും, കർഷകർക്ക് ഭൂമിയോടുള്ള പ്രതിബദ്ധതയും അങ്ങേയറ്റം ആദരവ് അർഹിക്കുന്നുവെന്ന് അധ്യക്ഷ പ്രസംഗത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി

ശിവൻകുട്ടി പറഞ്ഞു.

മൂല്യവർദ്ധന സമൃദ്ധിയുടെ മൂന്നാം വർഷം എന്ന പുസ്തകം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. ജി ആർ അനിൽ പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടിക്ക് നൽകി പ്രകാശനം ചെയ്തു. സംസ്ഥാന കർഷക അവാർഡിന് അർഹരായ കർഷകരെ സംബന്ധിക്കുന്ന വിവരണങ്ങൾ ഉൾപ്പെട്ട ഹരിത സമൃദ്ധി പുസ്തകം കൃഷിമന്ത്രി പി പ്രസാദ് ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജുവിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. കർഷകരുടെ ഉത്പന്നങ്ങളും കെ-സ്റ്റോറിലൂടെ വിൽപ്പനയ്ക്ക് എത്തിക്കുമെന്ന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി പറഞ്ഞു. എംഎൽഎമാരായ അഡ്വ. വി കെ പ്രശാന്ത്, കെ ആൻസലൻ, ഡി കെ മുരളി, ഐ ബി സതീഷ്, വിജിൻ, പ്രസേനൻ എന്നിവർ പങ്കെടുത്തു.

സംസ്ഥാന കർഷക അവാർഡുകളുടെ വിതരണവും കർഷക ദിനാഘോഷ വേളയിൽ നടന്നു. മുതിർന്ന കർഷകനായ തിമിർത്തിയോസിനെയും കർഷകത്തൊഴിലാളിയായ സി ശാന്തയെയും യോഗത്തിൽ മന്ത്രിമാർ ആദരിച്ചു. കാർഷികോൽപാദന കമ്മീഷണർ ഡോക്ടർ ബി അശോക് ഐഎഎസ് സ്വാഗതവും കൃഷി ഡയറക്ടർ ജോർജ് സെബാസ്റ്റ്യൻ നന്ദിയും പറഞ്ഞു.

## പോഷക സമൃദ്ധിമിഷൻ

കേരളത്തിന്റെ കാർഷിക മേഖല കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനായി, ഉത്പാദനം, വിപണനം, മൂല്യവർധനവ്, പൊതുജനാരോഗ്യം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ടും ആരോഗ്യ ക്ഷേമത്തിന് ഉതകുന്ന രീതിയിൽ പോഷക സമ്പുഷ്ടമായ കാർഷിക വിളകളുടെ കൃഷിക്ക് ഊന്നൽ നല്കിക്കൊണ്ടുമുള്ള ഒരു സമഗ്ര പദ്ധതിയാണ് പോഷക സമൃദ്ധി മിഷൻ.

പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തതയിലേക്കുള്ള നടപടികൾ ഊർജിതപ്പെടുത്തുന്നതോടൊപ്പം പോഷക പ്രധാനമായ പഴവർഗ്ഗങ്ങൾ, പയറു വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവയുടെ ഉത്പാദനവും ഉപയോഗവും വ്യാപകമാക്കുക, ഉത്പാദനം, വിപണനം, മൂല്യവർധനവ് എന്നീ മേഖലകൾ ഫലപ്രദമായി സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർധിപ്പിക്കുക, ആധുനിക സാങ്കേതിക വിദ്യകൾ, ഉത്തമ കൃഷി രീതികൾ, ജൈവ കൃഷി രീതികൾ എന്നിവയുടെ സുരക്ഷിതവും, പോഷക പ്രധാനവും, ഗുണമേന്മയുള്ളതുമായ കാർഷിക ഉത്പന്നങ്ങൾ ലഭ്യമാക്കുകവഴി പൊതുജനാരോഗ്യം സംരക്ഷിക്കുക എന്നിവയാണ് മിഷന്റെ സുപ്രധാന ലക്ഷ്യങ്ങൾ. മൂന്നുവർഷക്കാലം നീണ്ടുനിൽക്കുന്ന പദ്ധതി പ്രവർത്തനങ്ങളിലൂടെ കാർഷിക സാമൂഹിക ആരോഗ്യ മേഖലകളിൽ ആശാവഹമായ പുരോഗതി നേടുന്നതിനും വിവിധ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു. കൃഷി, ആരോഗ്യം, സാമൂഹ്യ ക്ഷേമം, വ്യവസായം, വിദ്യാഭ്യാസം, സഹകരണം, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടും, പദ്ധതി പ്രവർത്തനങ്ങൾ സംയോജിപ്പിച്ചുകൊണ്ടുമുള്ള ഈ പദ്ധതി നടപ്പിലാക്കുന്നത്.

പോഷക സമൃദ്ധി മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ വിളകളുടെ കൃഷി മൂന്ന് ഘട്ടങ്ങളിലായി (ഉത്പാദനത്തിന് മുൻപ്, ഉത്പാദനം, ഉത്പാദനത്തിന് ശേഷം) വിഭജിച്ചുകൊണ്ട് ഓരോ ഘട്ടത്തിലും ആവശ്യമായ സമഗ്ര ഇടപെടലുകൾ നടത്തും. പച്ചക്കറികൾ, പഴവർഗ്ഗവിളകൾ, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, ഔഷധസസ്യങ്ങൾ എന്നീ കാർഷിക വിളകളാണ് പോഷക സമൃദ്ധി മിഷനിൽ ഊന്നൽ നൽകുന്നത്.

## കാബ്കോ

കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനും സംസ്കരണത്തിനും മൂല്യ വർദ്ധനവിനും ദേശീയ- അന്തർദേശീയ വിപണനത്തിനുമായി കർഷക പങ്കാളിത്തത്തോടുകൂടിയാണ് കാബ്കോ കാബ്കോ ആരംഭിക്കുന്നത്. പരമ്പരാഗത രീതിയിലുള്ള കാർഷിക വിഭവങ്ങളുടെ ഉൽപാദനം എന്നതിൽ നിന്നും വ്യതിചലിച്ചുകൊണ്ട് മൂല്യ വർദ്ധനവിനും വിപണനത്തിനും കൂടി തുല്യ പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികൾക്കാണ് കൃഷി വകുപ്പ് ഇപ്പോൾ മുൻതൂക്കം നൽകി വരുന്നത്. കാർഷിക വിഭവങ്ങളുടെ ഉദ്പാദനത്തിൽ കൂടി വൈവിധ്യവൽക്കരണം ആവശ്യമാണ്. അത് കൂടുതൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും സഹായിക്കും.

കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും സംസ്കരണത്തിനും ഊന്നൽ നൽകുന്നതിനായി വിവിധയിടങ്ങളിൽ ആരംഭിക്കുന്ന അഗ്രോ പാർക്കുകളുടെയും ഫുഡ് പാർക്കുകളുടെയും ഏകോപനം കാബ്കോയിലൂടെ സാധ്യമാകും. നാളികേരം, നെല്ല്, മാങ്ങ, തേൻ തുടങ്ങി വിവിധ വിളകളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാണ് അഗ്രോ പാർക്കുകൾ കമ്പോളത്തിൽ എത്തിക്കുക. പഴങ്ങൾ, കിഴങ്ങ് വർഗ്ഗവിളകൾ തുടങ്ങി ആരോഗ്യപരമായി മൂല്യ വർദ്ധനവിന് സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ പാക്കിംഗ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി വിപണിയിലിറക്കുവാൻ അഗ്രോ പാർക്കുകളിൽ സംവിധാനമുണ്ടാകും. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എല്ലാം തന്നെ കേരളാഗ്രോ എന്ന പൊതു ബ്രാൻഡിൽ ആയിരിക്കും അറിയപ്പെടുക. കൃഷിവകുപ്പ് കേന്ദ്രീകരിച്ചുള്ള കാർഷിക ഉത്പന്നങ്ങളുടെ വിപണി കൈകാര്യം ചെയ്യുന്നതിനും കാർഷിക ഉൽപ്പന്നങ്ങളെ അടിസ്ഥാനമാക്കി വിപണി കണ്ടെത്തുന്നതിനും വിശകലനം ചെയ്യുന്നതിനുമുള്ള ഏജൻസിയായി പ്രവർത്തിക്കുവാനും കാബ്കോയ്ക്ക് കഴിയും. ദേശീയ അന്തർദേശീയ കയറ്റുമതി വിപണന പ്രവർത്തനങ്ങളിൽ കേരളത്തിലെ കർഷകരെ പ്രാപ്തരാക്കുക എന്ന ഒരു വലിയ ദൗത്യം കൂടി കാബ്കോയ്ക്കുണ്ട്.

മറ്റൊരു പ്രത്യേകത കർഷക പങ്കാളിത്തമാണ്. സംസ്ഥാന സർക്കാരിന്റെ 33% ഓഹരി വിഹിതവും കർഷകരുടെ 24% ഓഹരി വിഹിതവും FPO, കാർഷിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള കർഷക കൂട്ടായ്മകളുടെ 25% ഓഹരി വിഹിതവും പൊതു ഓഹരി വിപണിയിൽ നിന്ന് 13% ത്തിൽ അധികരിക്കാത്ത ഓഹരി വിഹിതവും പ്രാഥമിക കാർഷിക സഹകരണ സ്ഥാപനങ്ങളുൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 5% ത്തിൽ അധികരിക്കാത്ത ഓഹരി വിഹിതവും നിജപ്പെടുത്തി Public Private Partnership ൽ (PPP) കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്(CIAL) കമ്പനി മാതൃകയിൽ കാബ്കോ പ്രവർത്തിക്കും.

# ഹരിത ശില്പിക്ക്
# ആദരാഞ്ജലികൾ

ഇന്ത്യയുടെ കാർഷിക മേഖലയ്ക്ക് സമഗ്രമായ സംഭാവന നൽകിയ കാർഷിക ശാസ്ത്രജ്ഞനായിരുന്ന പത്മവിഭൂഷൺ മങ്കൊമ്പ് സാംബശിവൻ സ്വാമിനാഥൻ. രാജ്യം പട്ടിണിയിലേക്കും കൊടിയ ദാരിദ്ര്യത്തിലേക്കും വീഴുമെന്ന അവസ്ഥയിൽ നിൽക്കുമ്പോൾ തന്റെ അറിവും ചിന്തകളും ദേശസ്നേഹ പ്രചോദനത്താൽ ഉപയോഗപ്പെടുത്തുകയും അത് ഭക്ഷ്യ - ധാന്യോല്പാദനത്തിൽ വിപ്ലവകരമായ ഒരു മാറ്റം സൃഷ്ടിക്കുകയും ചെയ്തു. ഹരിത വിപ്ലവത്തിന്റെ പിതാവ് എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. കേവലം ഒരു ശാസ്ത്രജ്ഞൻ എന്നതിലുപരി മണ്ണിന്റെ മണമുള്ള ഒരു ഗവേഷകൻ തന്നെയായിരുന്നു അദ്ദേഹം.



ഇന്ത്യയെ കാർഷിക സ്വയം പര്യാപ്തതിലേക്ക് നയിച്ച അദ്ദേഹം കേരളത്തിലെ ഒട്ടനവധി കാർഷിക പ്രശ്നങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. പരീക്ഷണശാലകളിൽ ഒതുങ്ങാതെ മണ്ണിൽ ഇറങ്ങിയുള്ളതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനരീതി. കുട്ടനാടിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉൾപ്പെടെ പല വിഷയങ്ങളിലും ഇടപെട്ടിട്ടുള്ള അദ്ദേഹം രോഗാവസ്ഥയിൽ പോലും കാർഷിക വിഷയവുമായി ബന്ധപ്പെട്ട് ഇടപെടലുകൾ നടത്തിയിരുന്നു എന്നത് എടുത്തുപറയേണ്ട കാര്യം തന്നെയാണ്. കുട്ടനാടിലെ മണ്ണിന്റെയും കർഷകരുടെയും ജനതയുടെയും തുടിപ്പുകൾ നേരിട്ടറിഞ്ഞ വ്യക്തിയായിരുന്നു അദ്ദേഹം. കുട്ടനാട് പാക്കേജ് യാഥാർത്ഥ്യമാക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് വളരെ വലുതായിരുന്നു. കുട്ടനാടിന്റെ പാരിസ്ഥിതിക പ്രത്യേകതകൾക്കും കാർഷിക രീതികൾക്കും അനുയോജ്യമായ വിധത്തിൽ പദ്ധതി നടപ്പിലാക്കണമെന്ന് അദ്ദേഹത്തിന് വ്യക്തമായ ഒരു വീക്ഷണം ഉണ്ടായിരുന്നു. അത്യുല്പാദന ശേഷിയുള്ള വിവിധയിനം നെൽ വിത്തുകൾ വികസിപ്പിച്ചെടുത്തതിലും അദ്ദേഹത്തിന്റെ പങ്ക് വിലപ്പെട്ടതായിരുന്നു.

കൃഷിയിലൂടെ കർഷകന് അന്തഃസ്സാർന്ന ജീവിതം ഉറപ്പാക്കുന്ന തരത്തിൽ കാർഷിക മേഖലയെ പുനഃസംഘടിപ്പിക്കുന്നതിൽ അദ്ദേഹത്തിന് വ്യക്തമായ കാഴ്ച്ചപ്പാടുകൾ ഉണ്ടായിരുന്നു. കേവലം രാസവളത്തിൽ മാത്രം ഊന്നിയുള്ള കൃഷിരീതിയല്ല വേണ്ടതെന്നും പരിസ്ഥിതിക്ക് പരിക്കേൽക്കാത്ത തരത്തിൽ ഒരു നിത്യഹരിത വിപ്ലവമാണ് രാജ്യത്ത് ഉണ്ടാകണമെന്നുമുള്ള കർക്കശ്യ നിലപാട് അദ്ദേഹത്തിന് ഉണ്ടായിരുന്നു. ആയുധങ്ങളല്ല, ഭക്ഷ്യ ധാന്യങ്ങളാണ് ഒരു രാജ്യത്തിന്റെ ജനതയുടെ സമ്പത്ത് എന്നും അദ്ദേഹം സൂചിപ്പിച്ചിരുന്നു. അദ്ദേഹം രൂപീകരിച്ച എംഎസ് സ്വാമിനാഥൻ ഫൗണ്ടേഷൻ കേരളം ഉൾപ്പെടെ പല സംസ്ഥാനങ്ങൾക്കും ഗണ്യമായ സംഭാവനകൾ നൽകിവരുന്നു. UN ശാസ്ത്ര ഉപദേശക സമിതി അംഗവും ആസൂത്രണ കമ്മീഷൻ അംഗവുമായി പ്രവർത്തിച്ച അദ്ദേഹം രാജ്യത്തും വിദേശത്തുമായി നിരവധി ഹോണററി പുരസ്കാരങ്ങളും മാഗ്സസെ അവാർഡും കരസ്ഥമാക്കിയിട്ടുണ്ട്. ലോകത്തിന് കേരളം നൽകിയ ഒരു സംഭാവന തന്നെയായിരുന്നു ശ്രീ എം എസ് സ്വാമിനാഥൻ എന്ന വ്യക്തിത്വം.

അദ്ദേഹത്തിന്റെ വിയോഗത്തിൽ കുടുംബത്തിനും കാർഷിക ലോകത്തിനുമുണ്ടായ ദുഃഖത്തിൽ പങ്കുചേരുന്നു.

# സങ്കുചിതമായ രാഷ്ട്രീയ കാഴ്ചപ്പാടിൽ കാർഷിക മേഖലയുടെ വളർച്ചയെ കാണാതെ പോകരുത്; ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ. പി.പ്രസാദ്



കേരളത്തിന്റെ കാർഷിക മേഖലയുടെ ഭാവിയെക്കുറിച്ചും കർഷകർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും നിരവധിയായ വാർത്തകൾ മാധ്യമ- സമൂഹമാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന ഈ സാഹചര്യത്തിൽ സങ്കുചിതമായ രാഷ്ട്രീയ കാഴ്ചപ്പാടിൽ കാർഷിക മേഖലയുടെ വളർച്ചയെ കാണാതെ പോകരുതെന്ന് ബഹു. കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്. കാർഷിക മേഖല തകർച്ചയിലേക്കെന്നും, കർഷകർക്ക് ആവശ്യമായ വരുമാനവും സർക്കാർ സഹായങ്ങളും ലഭിക്കുന്നില്ല എന്നും മറ്റും പറഞ്ഞുകൊണ്ടുള്ള നിരവധിയായ വാർത്തകളിലെ രാഷ്ട്രീയപ്രേരിതമായ അജണ്ടകളിൽ; കർഷകർക്ക് വേണ്ടി സർക്കാർ നടത്തിവരുന്ന നിരവധിയായ സേവന - സഹായ പ്രവർത്തനങ്ങൾ വിസ്മരിച്ചു പോകുന്നെന്ന് ബഹു. മന്ത്രി പറഞ്ഞു. നിയമസഭാസമ്മേളനത്തിൽ അടിയന്തിരപ്രമേയചർച്ചയിൽ സംസാരിക്കുകയായിരുന്നു ബഹു. മന്ത്രി.

കാർഷിക മേഖലയിൽ വികസനത്തിലൂന്നിയ നിരവധി പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കി വരുന്നത്. കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ക്രമാനുസൃതമായി നടപ്പാക്കുമ്പോൾ കർഷകർക്കും കാർഷികമേഖലക്കും സുസ്ഥിരമായ ഒരു ഭാവിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. കഴിഞ്ഞ 2 വർഷത്തെ പ്രവർത്തനത്തിന് ശേഷമുള്ള സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ വൻ കുതിച്ചുചാട്ടമാണ് ഉണ്ടായിരിക്കുന്നത്. കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ക്ഷോഭങ്ങളും ഉണ്ടാകുകയും, കേന്ദ്രത്തിൽ നിന്നുള്ള പല സഹായപദ്ധതികളിലും സംസ്ഥാനത്തിനുള്ള വിഹിതം വെട്ടിക്കുറക്കുകയും ചെയ്തെങ്കിലും 2020-21ൽ 0.24% ആയിരുന്ന കാർഷിക വളർച്ച 2021-22 ൽ 4.64 ശതമാനത്തിലേക്കെത്തിയത് സംസ്ഥാന സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകളുടെ ഭാഗമായി മാത്രമാണ്.

രാജ്യത്ത് ആദ്യമായി സംസ്ഥാന സർക്കാർ കാർബൺ തുലിത കൃഷി നടപ്പാക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന് കീഴിലെ ആലുവ വിത്തുല്പാദന ഫാം രാജ്യത്തെ ആദ്യത്തെ കാർബൺ ന്യൂട്രൽ ഫാമായി ഉയർത്തി. അതിരപ്പിള്ളി ട്രൈബൽ മേഖലയ്ക്കും അവിടുത്തെ ഉത്പന്നങ്ങൾക്കും കാർബൺ തുലിത സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പരിസ്ഥിതി സൗഹാർദ്ദമായ പുനരുജ്ജീവനം മുന്നിൽ കണ്ടുകൊണ്ട് കാർബൺ തുലിത കൃഷിരീതി നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറി. ജൈവകൃഷിയും ഉത്തമകൃഷി രീതികളും പ്രോത്സാഹിപ്പിക്കുന്നതിനായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ട പ്രവർത്തനങ്ങൾ സർട്ടിഫിക്കേഷനോടുകൂടി നടപ്പിലാക്കുന്നതിനായി 2022-23 സാമ്പത്തിക വർഷത്തിൽ ജൈവകൃഷി മിഷൻ ഉടൻ പ്രവർത്തനം ആരംഭിക്കും. പോഷകാഹാരവും സുരക്ഷിത ഭക്ഷണവും പൊതുജനാരോഗ്യത്തിന് ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ പച്ചക്കറികൾ, ചെറുധാന്യങ്ങൾ, കിഴങ്ങു വർഗ്ഗ വിളകൾ, പയറു വർഗ്ഗ വിളകൾ, എന്നീ കൃഷികളെ സമഗ്രമായി സംയോജിപ്പിച്ച് കൊണ്ടുള്ള കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന് പോഷക സമൃദ്ധി മിഷൻ രൂപീകരിച്ചു. കൃഷി കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവശേഷി ശാസ്ത്രീയമായി പരമാവധി ഉപയോഗപ്പെടുത്തുക വഴി സംസ്ഥാനത്തിന്റെ ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം നടപ്പാക്കി. വിളയാധിഷ്ഠിത സമീപനത്തിൽ നിന്നും മാറി സംയോജിത- ബഹുവിള കൃഷി സമ്പ്രദായത്തിലേക്കുള്ള മാറ്റത്തിലൂടെ കാർഷിക വികസനം സാധ്യമാക്കുക എന്നതാണ് ഈ സമീപനത്തിന്റെ പ്രധാന ലക്ഷ്യം. 2022-23 സാമ്പത്തിക വർഷം 10,760 പ്ലോട്ടുകളിൽ ഇത്തരത്തിലുള്ള സംയോജിത കൃഷി നടപ്പിലാക്കി എന്നും ബഹു. മന്ത്രി പറഞ്ഞു.

അട്ടപ്പാടി ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതിയുടെ ഭാഗമായി 2288 ഹെക്ടർ സ്ഥലത്ത് ചെറുധാന്യകൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു. രണ്ടാം വിളകൃഷി 1014 ഹെക്ടറിലും നടപ്പിലാക്കി. 30 ആദിവാസി ഊരുകളിൽ ജൈവ സർട്ടിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചു. സംസ്ഥാനത്ത് നാളികേരത്തിന്റെ വിലത്തകർച്ച ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് 2021 ഫെബ്രുവരി 25 ന് നാളികേരത്തിന്റെ സംഭരണ വില 27 രൂപയിൽ നിന്നും 32 രൂപയായി വർദ്ധിപ്പിച്ചു. 2023 ഏപ്രിൽ 1 മുതൽ ആയത് 34 രൂപയായി വർദ്ധിപ്പിച്ചു. നിലവിൽ സംസ്ഥാന സർക്കാരിന്റെ പച്ചത്തേങ്ങ സംഭരണവും, നാഫെഡ് മുഖേനയുള്ള കൊപ്രാ സംഭരണവും ഊർജ്ജിതമായി കൃഷി വകുപ്പ് നടത്തുന്നുണ്ട്. സംസ്ഥാന കൃഷി വകുപ്പ് മന്ത്രിയും കൃഷിവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസിലാക്കി പരിഹാരം കാണുകയെന്ന ആശയത്തിൽ കൃഷിദർശൻ എന്ന പരിപാടി അസൂത്രണം ചെയ്യുകയും സംസ്ഥാനത്തെ 4 കാർഷിക ബ്ലോക്കുകളിൽ നടപ്പാക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നുതന്നെ നിരവധി ഉത്തരവുകളാണ് പുറത്തിറക്കുവാൻ കഴിഞ്ഞതെന്നും ബഹു. മന്ത്രി ചൂണ്ടിക്കാണിച്ചു.

കാർഷിക മേഖലയിലെ മൂല്യവർദ്ധനവും ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളുടെ വിപണനവും ലക്ഷ്യമാക്കി സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം സ്ഥാപിക്കുന്നതിനായി സിയാൽ മോഡലിൽ കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) രൂപീകരിച്ചു. കൃഷിയിടങ്ങളിൽ നിന്ന് കൊണ്ട് തന്നെ സേവനങ്ങളിലേക്ക് വിരൽ ചലിപ്പിക്കുവാനും, ഉദ്യോഗസ്ഥരുടെ പൂർണ്ണമായ സേവനം കൃഷിയിടങ്ങളിൽ ലഭ്യമാക്കുവാനും സ്മാർട്ട് കൃഷിഭവനുകൾ സ്ഥാപിച്ചു. കാലാവസ്ഥയെയും മണ്ണിനെയും അടിസ്ഥാനപ്പെടുത്തി അഭികാമ്യമായ വിളകളുടെ പുതിയ ഇനങ്ങൾ കാർഷിക സർവ്വകലാശാലയിലൂടെ വികസിപ്പിച്ചെടുത്തു. കൂടാതെ ഇ-ലേണിംഗ് സൗകര്യങ്ങളിലൂടെ കർഷകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനങ്ങളും മാതൃകകളും തയ്യാറാക്കുകയും പ്രയോഗത്തിൽ കൊണ്ടുവരുവാനുമുള്ള സൗകര്യവും ഒരുക്കി. കൃഷിക്കാരുടെ വരുമാനം, കാർഷിക ഉത്പാദനക്ഷമത, ഉൽപ്പന്ന സംസ്കരണം, ഉൽപ്പന്നങ്ങളുടെ വില മൂല്യവർധിത പ്രവർത്തനങ്ങളിൽ നിന്നും മറ്റ് അനുബന്ധ മേഖലയിൽ നിന്നുമുള്ള വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനായി മൂല്യ വർധിത കൃഷി മിഷന് രൂപം നൽകി. കേരളാഗ്രോ എന്ന ബ്രാൻഡിൽ 23 സർക്കാർ ഫാമുകളുടെ 195 ഉൽപന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കി. ഈ വർഷം കാർഷിക സർവകലാശാലയുടെയും, കേരഫെഡ്, ഹോർട്ടികോർപ്പ് മുതലായ പൊതുമേഖല സ്ഥാപനങ്ങളുടെയും കർഷക ഉത്പാദക സംഘടനകളുടേയും മികച്ച ഉത്പന്നങ്ങളും കേരളാഗ്രോ ബ്രാൻഡിൽ ലഭ്യമാകുവാൻ തയ്യാറെടുക്കുകയാണ്. പച്ചക്കറികൾ, ചെറു ധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, ഇല വർഗ്ഗങ്ങൾ എന്നീ കൃഷികൾ കൃഷിയിടത്തിൽ ഉറപ്പുവരുത്തുന്നതിലൂടെയും അവ ഭക്ഷണ ശീലത്തിന്റെ ഭാഗമാക്കുന്നതിലൂടെയും പൊതുജനാരോഗ്യം ഉറപ്പുവരുത്തുന്നതിനും കർഷകരുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിനും പോഷക സമൃദ്ധി മിഷൻ രൂപീകരിച്ചു. 2026-27 സാമ്പത്തിക വർഷത്തോടെ സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളെയും മിഷന്റെ ഭാഗമാക്കുവാൻ ലക്ഷ്യം വക്കുന്നതായും ബഹു. മന്ത്രി അറിയിച്ചു.

'ഞങ്ങളും കൃഷിയിലേക്ക്' എന്ന ജനകീയ മുന്നേറ്റത്തിലൂടെ ഒട്ടനവധി ആളുകളാണ് കാർഷിക മേഖലയിലേക്ക് കടന്നു വന്നത്. ആരോഗ്യ സംരക്ഷണത്തിന് സുരക്ഷിത ഭക്ഷണം അനിവാര്യമാണെന്ന തിരിച്ചറിവ് സ്വന്തമായി കൃഷി ചെയ്യാൻ പ്രേരിപ്പിച്ചു. മനസികാരോഗ്യത്തിനും ഉല്ലാസത്തിനും കൃഷിയെ തെരഞ്ഞെടുത്തവരും നിരവധിയാണ്. കൃഷിയില്ലാതെ വരും നാളുകളെ അതിജീവിക്കുവാൻ കഴിയുകയില്ല എന്ന് ജനം ഗൗരവത്തോടെ തിരിച്ചറിഞ്ഞ നാളുകളാണ് കടന്നു പോയത്. ഐ ടി മേഖലകളിൽ നിന്ന് പോലും ആൾക്കാർ കൃഷിയിലേക്ക് കടന്നു വന്നു.

മേൽ പറഞ്ഞവയൊക്കെയും ഈ സർക്കാരിന്റെ നിശ്ചയദാർഢ്യത്തിലൂന്നിയ പ്രവർത്തനങ്ങളുടെ ഉദാഹരണങ്ങളാണ്. ഇവയെക്കൂടാതെ കഴിഞ്ഞ സർക്കാർ അവതരിപ്പിച്ചതും നടത്തിപ്പോന്നതുമായ കൃഷിയധിഷ്ഠിത പദ്ധതികളുൾപ്പടെ വിവിധ കർഷക സൗഹൃദ പദ്ധതികൾ നിലനിർത്തിക്കൊണ്ടുതന്നെയാണ് മുന്നോട്ട് പോകുന്നത്. ഈയടുത്ത് ഏറെ സംസാര വിഷയമായ നെല്ലുസംഭരണം തന്നെ ഇതിനു ഉദാഹരണമായി എടുക്കാം. രാജ്യത്തെ ഏറ്റവും മികച്ച വില നൽകിയാണ് കേരളം നെല്ല് സംഭരിക്കുന്നത്. അത് നെല്ലിന്റെ ഉത്പാദന ചെലവുമായി മുട്ടിച്ചു നോക്കുമ്പോൾ പ്രാദേശികമായി സംഭവിച്ചേക്കാവുന്ന ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിനായി വകുപ്പ് നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും മികച്ച ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. കർഷകന് ലഭിക്കേണ്ട ആനുകൂല്യങ്ങളിൽ തുലോം കുറവ് വരുത്താതെ കാർഷികമേഖലയുടെ സമഗ്രവികസനത്തിനു ചുക്കാൻ പിടിക്കുകയാണ് കേരളമെന്നും ബഹു. മന്ത്രി പറഞ്ഞു.

യു ഡി എഫ് സർക്കാരിന്റെ കാലത്ത് 2012-13 ബജറ്റിൽ കുട്ടനാട്ടും പാലക്കാട് 2 റൈസ് പാർക്കുകൾ സ്ഥാപിക്കുമെന്ന് പറഞ്ഞെങ്കിലും സ്ഥാപിച്ചില്ല. എല്ലാ പഞ്ചായത്തിലും 3 ഗ്രീൻഹൗസുകൾ, 2013-14 ബജറ്റിൽ ചെറുകിട കർഷകരുടെ പലിശ ബാധ്യത എഴുതിത്തള്ളും എന്ന് പറഞ്ഞു, 14-15 ബജറ്റിൽ സർക്കാർ 90% പ്രീമിയം ഏറ്റെടുത്തുകൊണ്ട് കർഷക ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപനം, ഇൻകം ഗ്യാരന്റി സ്കീം തുടങ്ങിയ നിരവധി പദ്ധതികൾ പ്രഖ്യാപിക്കുകയും വലിയ തുകകൾ അനുവദിക്കുകയും ചെയ്തെങ്കിലും ഇവയൊന്നും നടപ്പാക്കിയില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് എൽഡിഎഫ് മുന്നോട്ടുവച്ച പ്രകടനപത്രിയിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും നടപ്പിലാക്കുന്നതിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധവും സദാ കർമ്മനിരതരുമാണ്. നടപ്പിലാക്കിയവയൊക്കെയും പ്രോഗ്രസ്സ് റിപ്പോർട്ടുകൾ ആയി ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നു. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ രാഷ്ട്രീയത്തിനപ്പുറമായി കാണേണ്ടതുണ്ടെന്നും, കൂട്ടായപരിശ്രമത്തിലൂടെയും ജനകീയമുന്നേറ്റങ്ങളിലൂടെയും കാർഷിക മേഖലയിൽ പുരോഗതിയുണ്ടാക്കാമെന്നും ബഹു. മന്ത്രി കൂട്ടിച്ചേർത്തു. നിയമസഭയിൽ ശ്രീ. സണ്ണിജോസഫ് എം.എൽ.എ നൽകിയ അടിയന്തിര പ്രമേയ നോട്ടീസിലാണ് മന്ത്രി മറുപടി നൽകിയത്.

# കേരള കാർഷിക സർവ്വകലാശാല ദ്വിദിന ശില്പശാല സംഘടിപ്പിച്ചു

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ അക്കാദമിക് മാനേജ്മെന്റ് സിസ്റ്റം (എ.എം.എസ്), ദേശീയ കാർഷിക ഗവേഷണ വിദ്യഭ്യാസ പദ്ധതി- ബ്ലെൻഡഡ് ലേണിംഗ് പ്ലാറ്റ്ഫോം (NARES-BLP) എന്നിവയെക്കുറിച്ചുള്ള ഒരു ദ്വിദിന ശിൽപശാലക്ക് വെള്ളാനിക്കര ആസ്ഥാനമായ കേരള കാർഷിക സർവ്വകലാശാലയിൽ സെപ്റ്റംബർ 18 ന് തുടക്കം കുറിച്ചു. കാർഷിക വിദ്യാഭ്യാസം ഡിജിറ്റലൈസ് ചെയ്യുക, പേപ്പർ രഹിത അക്കാദമിക് റെക്കോർഡുകൾ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെയാണ് ശില്പശാല സംഘടിപ്പിച്ചത്. കാർഷിക ഉന്നത വിദ്യാഭ്യാസത്തിൽ ദേശീയ കാർഷിക ഗവേഷണ വിദ്യാഭ്യാസ പദ്ധതി- ബ്ലെൻഡഡ് ലേണിംഗ് പ്ലാറ്റ്ഫോം മുഖേന സമഗ്രമായ സംയോജിത പഠന സംവിധാനം ഒരുക്കുന്നതിന് സാധ്യമാവും. ഇതിലൂടെ വിദ്യാർത്ഥികളുടെയും അധ്യാപകരുടേയും പഠന ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഫലപ്രദമായ അറിവുകൾ പകർന്നു നൽകുന്നതിനും കൃത്യമായ ഇടപെടലുകൾ നടത്തുന്നതിനും സാധ്യമാക്കുന്ന ഒരു കേന്ദ്രീകൃത പ്ലാറ്റ്ഫോം ലഭ്യമാവുന്നു.

കേരള കാർഷിക സർവ്വകലാശാല വിദ്യാഭ്യാസ ഡയറക്ടർ ഡോ.എസ്. ഗോപകുമാറിന്റെ അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ പരീക്ഷാ കൺട്രോളർ ഡോ.ഡിജി ബാസ്റ്റ്യൻ വിശിഷ്ടാദികളെയും പങ്കെടുത്തവരേയും സ്വാഗതം ചെയ്തു. മുഖ്യാതിഥി ഐ.സി.എ.ആർ.-ഐ.എ.എസ്.ആർ.ഐ, ന്യൂഡൽഹിയിലെ ഐ.ടി. കൺസൾട്ടന്റ്, ഡോ. ആർ.സി. ഗോയൽ, ശിൽപ്പശാല അഭിസംബോധന ചെയ്യുകയും ബി.എൽ.പി.,, എ.എം.എസ്.എന്നിവ കാർഷിക മേഖലയിലെ ഉന്നത വിദ്യാഭ്യാസത്തിൽ ഐ.ടി സംരംഭങ്ങളുടെ പ്രാധാന്യത്തെ കുറിച്ച് അവലോകനം നൽകുകയും ചെയ്തു. സെന്റർ ഫോർ ഇ-ലേണിംഗ് ഡയറക്ടർ ഡോ.ബി. അജിത്കുമാർ നന്ദി രേഖപ്പെടുത്തി.

പ്രസ്തുത പരിപാടിയിൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കാമ്പസുകളിൽ നിന്നായി അക്കാദമിക് ഓഫീസർമാർ , മാസ്റ്റർ ട്രെയിനർമാർ, അസിസ്റ്റന്റ് പ്രൊഫസർമാർ, അസോസിയേറ്റ് പ്രൊഫസർമാർ, വിദ്യാർത്ഥികൾ തുടങ്ങി അറുപതോളം പേർ പങ്കെടുത്തു.

ICAR-ന്റെ ബ്ലെൻഡഡ് ലേണിംഗ് പ്ലാറ്റ്ഫോം (BLP) വഴി ലോകത്തിൻറെ വിവിധ കോണിലുള്ള ഏതു വിദ്യാർത്ഥിക്കും കോഴ്സുകൾ പഠിക്കാൻ അവസരം ഒരുക്കുന്നതിനാൽ വരും വർഷങ്ങളിൽ ICAR-ന്റെ കീഴിലുള്ള വിദ്യാഭ്യാസ പഠന രംഗത്ത് ആഗോള അംഗീകാരം ലഭിക്കുന്നതിനുള്ള വാതിൽ തുറന്നു കാട്ടുന്നു. കാർഷിക സർവ്വകാലശാലക്ക് കീഴിലുള്ള വിവിധ കോളേജുകളിൽ നടപ്പിലാക്കുന്ന എല്ലാ കോഴ്സുകളിലേക്കും വിദ്യാർത്ഥികളുടെ പ്രവേശനം കാര്യക്ഷമമാക്കുന്നതിന് ഈ ബ്ലെൻഡഡ് ലേണിംഗ് പ്ലാറ്റ്ഫോം പ്രധാന പങ്ക് വഹിക്കും. കൂടാതെ, 10 ശതമാനം കോഴ്സുകൾ ഓൺലൈൻ കോഴ്സുകളായി മാറുന്നതിനുള്ള ICAR-ന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഈ ശിൽപ്പശാല വഴിയൊരുക്കും.




ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sreekala S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh